Phone: .0471-2305631
Fax: +91-471-2307158

# UNIVERSITY OF KERALA

**Thiruvananthapuram, Kerala, India – 695034**

(Established as University of Travancore by the Travancore University Act in 1937 and reconstituted as University of Kerala by the Kerala University Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)

**No Election/CU/Circular/2022**

**തിരുവനന്തപുരം**
**തീയതി 18.01.2022**

**<u>സർക്കുലർ</u>**

| | |
|---|---|
| **വിഷയം**: | കേരള സർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ യൂണിയൻ തിരഞ്ഞെടുപ്പ് -2021-22- മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്. |
| **പരാമർശം**: | അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർക്കുള്ള 30.12.21 ലെ Election /CU/ 2021-22 നമ്പർ കത്ത് |

1. മേൽ പരാമർശ കത്ത് പ്രകാരം കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ യൂണിയൻ തിരഞ്ഞെടുപ്പ് 25.01.2022-ൽ നടത്തുവാനുള്ള സർവകലാശാല സിൻഡിക്കേറ്റ് തീരുമാനം അറിയിച്ചിരുന്നു.

2. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കോവിഡ്-19 മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചു കൊണ്ടായിരിക്കണം തിരഞ്ഞെടുപ്പ് പ്രക്രിയകൾ പൂർത്തിയാക്കേണ്ടത് .

3. ടി പ്രത്യേക സാഹചര്യത്തിലും പഠന പ്രവർത്തനങ്ങൾ കോവിഡ് പ്രോട്ടോകോൾ പാലിച്ചു കൃത്യമായി നടത്തേണ്ടതാണ്.

4. കോളേജ് യൂണിയൻ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രചാരണ പരിപാടികൾ , റാലികൾ, മീറ്റ് ദ ക്യാൻഡിഡേറ്റ്, കൂട്ടമായുള്ള മറ്റു പ്രചാരണ പരിപാടികൾ എന്നിവ കോളേജുകളിൽ നടക്കുന്നില്ല എന്ന് കോളേജ് പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്.

5. കോവിഡ് വ്യാപനം അനിയന്ത്രിതമായി ഉയരുന്ന കോളേജുകളിൽ തിരഞ്ഞെടുപ്പ് നടപടികൾ സാഹചര്യത്തിനനുസൃതമായി പുനഃക്രമീകരിക്കുന്നതിനു അതാത് കോളേജ് പ്രിൻസിപ്പൽമാർക്കു അധികാരമുണ്ടായിരിക്കുന്നതാണ്. ഇക്കാര്യം സമയബന്ധിതമായി സർവകലാശാലയെ അറിയിക്കേണ്ടതാണ്.

6. തിരഞ്ഞെടുപ്പ് തികച്ചും സമാധാന പൂർണമായ അന്തരീക്ഷത്തിൽ നടത്തേണ്ടതാണ്. ക്രമസമാധാന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ തീരുമാനങ്ങൾ പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്.

**Sd/-**
**പ്രൊഫ.(ഡോ ) കെ എസ് അനിൽ കുമാർ**
**രജിസ്ട്രാർ**

**Copy to: 1. എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർക്കും**
**2. PS to VC/PVC**
**3. PA to Registrar/CE/FO/DPD/DCDC**
**4. PRO**